പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1516

13-06-2014 ൽ മറുപടിക്ക്

## സമഗ്ര കോൾ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി-തൃശ്ശൂർ മേഖലകളിലെ നെൽകൃഷി വികസനത്തിനായി 425 കോടി രൂപയുടെ സമഗ്ര കോൾ വികസന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; | (എ) സമഗ്ര കോൾ നില വികസനവുമായി ബന്ധപ്പെട്ട് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 300 കോടി രൂപയുടേയും ആർ.കെ.വി.വൈ-ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (ബി) ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്ന 50 പ്രവൃത്തികൾക്കായി 468.20 ലക്ഷം രൂപ ചെലവഴിക്കുകയും 36.84% പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആർ.കെ.വി.വൈ-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പെട്ടി-പറ എന്നിവയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തൽ പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പച്ചക്കറി കൃഷി വ്യാപനവുമായി ബന്ധപ്പെട്ട് 201 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് കന്നുകുട്ടികളെ നൽകുന്ന പ്രവൃത്തി നടന്നുവരുന്നു. താറാവ് വളർത്തലുമായി ബന്ധപ്പെട്ട് 500 എണ്ണം വീതമുള്ള 72 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. വിതരണം തുടരുന്നു. കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ് തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് 546 ഹെക്ടറിൽ നഴ്സറിക്കുള്ള ബണ്ട് നിർമ്മാണം നടത്തുകയും 361 ഹെക്ടറിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. കോഴി വളർത്തലുമായി ബന്ധപ്പെട്ട് ഇതുവരെയായി 4563 കൃഷിക്കാർക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയിട്ടുണ്ട്. വിതരണം തുടർന്നുവരുന്നു. 488.5 ഹെക്ടറിൽ ജൈവകൃഷി വ്യാപിപിച്ചിട്ടുണ്ട്. |
| (സി) നടപ്പുവർഷത്തെ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) നടപ്പിലാക്കികൊണ്ടിരിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനും അടുത്ത ഘട്ടത്തിലേയ്ക്കുള്ള പദ്ധതിയ്ക്കായി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ